I/28602/2023

**ഭരണഭാഷ – മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംങ്സ്, ശാന്തിനഗർ, തിരുവനന്തപുരം
E-mail:dhsefinc5@gmail.com
Ph:0471-2320928

നം.HSE/5437/2023-Fin C3 തീയതി: 25-08-2023

**പരിപത്രം**

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിഭാഗം - യാത്രാപടി - TOUR T.A. / TRANSFER TA അനുവദിക്കുന്നത്-സംബന്ധിച്ച്

പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) വകുപ്പിൽ സ്ഥലം മാറ്റം മൂലം നിലവിലുള്ള സ്കൂളിൽ നിന്നും വിടുതൽ ചെയ്ത് സ്ഥലം മാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിൽ അധ്യാപക / അനധ്യാപകർ സമർപ്പിക്കുന്ന യാത്രപടിക്കുള്ള അപേക്ഷകൾ ആയത് വിശദമായി പരിശോധിക്കാതെ ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാർ / നിയന്ത്രണാധികാരികൾ പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) വകുപ്പിലേക്ക് അയച്ചുനല്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി.വിഷയവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽമാർ / നിയന്ത്രണാധികാരികൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

കെ.എസ്.ആർ ഭാഗം രണ്ടിലെ ചട്ടങ്ങൾ പ്രകാരം അധ്യാപക / അനധ്യാപകർക്ക് യാത്രാപടി അനുവദിച്ച് ഉത്തരവാക്കേണ്ടത് അതാത് പ്രിൻസിപ്പൽ/നിയന്ത്രണാധികാരിയാണ്, അപ്രകാരം യാത്രാപടി അനുവദിക്കുന്നതിനായി അധ്യാപക/അനധ്യാപകരിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട അധ്യാപക/അനധ്യാപകരുടെ ട്രാൻസ്ഫർ ഓർഡർ, റിലീവിംഗ് ആർ.ടി.സി / റിലീവിംഗ് ഓർഡർ, ജോയിനിംഗ് ആർ.ടി.സി / ജോയിനിംഗ് ഓർഡർ, കെ.എസ്.ആർ ഭാഗം രണ്ടിലെ ചട്ടങ്ങൾ പ്രകാരം ലഗേജ് പാർസൽ ചെയ്തതിന്റെ റെയിൽവേ പാർസൽ റസീപ്റ്റ് / ട്രയിൻ കണക്ടഡ് റൂട്ട് ലഭ്യമല്ലായെങ്കിൽ ലോറി ബുക്കിംഗ് രസീത്, അംഗീകൃത വെയ്ബ്രിഡ്ജ് രസീത് എന്നിവ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിനുശേഷം കെ.എസ്.ആർ ഭാഗം രണ്ടിലെ ചട്ടങ്ങൾ പ്രകാരം അനുവദിക്കാൻ കഴിയുന്ന തുക അനുവദിച്ച് പ്രിൻസിപ്പൽ / നിയന്ത്രണാധികാരി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. കൂടാതെ എല്ലാ രസീതുകളിലും അപേക്ഷകളിലും നിയന്ത്രണാധികാരി മേലൊപ്പ് ചാർത്തേണ്ടതുമാണ്

മേൽ പ്രകാരം അധ്യാപക/അനധ്യാപകർക്ക് യാത്രാപ്പടി തുക അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രിൻസിപ്പൽ /നിയന്ത്രണാധികാരിക്കാണെന്നും ഭാവിയിൽ ആഡിറ്റ് പരിശോധനയിൽ എന്തെങ്കിലും തടസ്സം കണ്ടെത്തിയാൽ ആയതിന്റെ ബാധ്യത ടി ഉത്തരവ് പുറപ്പെടുവിച്ച പ്രിൻസിപ്പൽ / നിയന്ത്രണാധികാരിക്കാണെന്നും അറിയിക്കുന്നു. മേൽ പ്രകാരം അനുവദിച്ച യാത്രപടി ഉത്തരവിന്മേൽ അലോട്ട്മെന്റ് ബിംസിൽ ലഭ്യമാക്കുന്നതിനായി അനുവദിച്ച യാത്രപടി ഉത്തരവും അനുബന്ധ രേഖകളും ഉൾപ്പെടെ പൂർണ്ണമായ അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണെന്നും അറിയിക്കുന്നു.

Signed by
Mohan Kumar N
Date: 25-08-2023 15:11:04
SENIOR FINANCE OFFICER

പകർപ്പ് :-

1). എല്ലാ സർക്കാർ എച്ച് എസ്.എസ് പ്രിൻസിപ്പാൾമാർക്കും

2). എല്ലാ ഹയർ സെക്കന്ററി വിഭാഗം മേഖലാ ഉപമേധാവിമാർക്കും

3). പൊതുവിദ്യാഭ്യാസ ഡയറക്ടർ ( സി.എ മുഖാന്തിരം)

4).സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ( സി.എ മുഖാന്തിരം)

5). വെബ് സൈറ്റ്

I/28602/2023